**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** | **14-10-2024 - ൽ മറുപടിയ്ക്ക്**

**എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയ സംഭവത്തിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എ.ടി. ആശുപത്രിയിൽ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങിയതിനെത്തുടർന്ന് പ്രസവ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവ ടോർച്ച് വെളിച്ചത്തിൽ നടത്തേണ്ടിവന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയ സംഭവവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട അന്വേഷണസംഘം അന്വേഷണം നടത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ശ്രീഅവിട്ടം തിരുനാൾ ആശുപത്രിയിൽ 29/09/2024 -ൽ രാത്രിയിൽ വൈദ്യുതി തടസം നേരിട്ട വിഷയത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന അന്വേഷണം നടത്തുന്നതിനും ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി 30/09/2024 – ലെ അർദ്ധ ഔദ്യോഗിക കത്തിലൂടെ ഊർജ വകുപ്പിന്റെ അഡിഷണൽ ചീഫ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിരുന്നു. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സമർപ്പിച്ച അന്വേഷണറിപ്പോർട്ട് ഊർജ വകുപ്പ് ചുവടെ ചേർക്കും പ്രകാരമുള്ള നിരീക്ഷണങ്ങൾ സഹിതം ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ട്.<br><br>1. ഭാവിയിൽ ഇതു പോലുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ വളരെ മുൻകൂട്ടി അറിയിപ്പ് നൽകിയ ശേഷം പകൽ സമയങ്ങളിൽ മാത്രം നടത്തേണ്ടതാണ്.<br><br>2. ഇൻസ്റ്റാൾ ചെയ്ത സമയത്തുള്ള VCB യും ACB യും ആണ് ഇപ്പോഴും ഉപയോഗിച്ചു വരുന്നത്. ഇവയുടെ കൃത്യമായ പരിപാലനം നടക്കുന്നില്ല. ACB/VCB യുടെ spare set ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br><br>3. ജനറേറ്റർ കൃത്യമായി പ്രവർത്തിക്കാൻ കഴിയാത്തത് contactor പ്രവർത്തിക്കാത്തതു കൊണ്ടാണ്. |

| | | | |
|---|---|---|---|
| | | | 4. ക്രമ നമ്പർ 2, 3 എന്നിവയിലെ വിഷയം പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ ഭാഗത്തു നിന്നുമുള്ള വീഴ്ച കാണുന്നുണ്ട്. ഇക്കാര്യത്തിൽ ടി വകുപ്പിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.<br><br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അന്വേഷണ റിപ്പോർട്ട് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ആറുമാസത്തിലൊരിക്കലുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് അനുമതി നൽകുന്നതിൽ ആശുപത്രി അധികൃതർ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് അനുമതി നൽകുന്നതിൽ ആശുപത്രി അധികൃതർ വീഴ്ച വരുത്തിയിട്ടില്ല. കെ.എസ്.ഇ.ബി യും പി.ഡബ്ല്യു.ഡി യും സംയുക്തമായാണ് അറ്റകുറ്റപണികൾ നടത്തി വരുന്നത്. |
| (സി) | പ്രസ്തുത പ്രതിസന്ധിയ്ക്ക് കാരണമായവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം പൊതുമരാമത്ത് വകുപ്പ് തുടർ നടപടികൾ അടിയന്തരമായി സ്വീകരിച്ചു വരുന്നു. ഈ സംഭവത്തിന് കാരണക്കാരായ പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2024 സെപ്റ്റംബർ 29 -ആം തീയതി രാത്രിയിൽ എസ്.എ.ടി. ആശുപത്രിയിൽ വൈദ്യുത തടസം നേരിട്ടതിൽ എസ്.എ.ടി. ആശുപത്രിയുടെ ചുമതലയുള്ള പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്ത് നിന്ന് ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചയുണ്ടായതായി പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനീയർ സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ ചുമതലയുള്ള പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ.ശ്യാംകുമാർ.ഡി.എസ് (PEN 197659) നെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ടും ടി വീഴ്ചകൾ സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടും 04/10/2024- ലെ സ.ഉ(സാധാ) 1020/2024/പി.ഡബ്ല്യു.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മേൽ വീഴ്ചയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ |

| | | | |
|---|---|---|---|
| | | | ശ്രീമതി.കനകലത.എ, ഓവർസിയർ ഗ്രേഡ് 1 ശ്രീ.ബാലചന്ദ്രൻ.സി.വി എന്നിവരെയും അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും വേലവിലക്കി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ